"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനിയറിംഗ് വിഭാഗം- കണ്ണൂർ പെരളശ്ശേരി ഗ്രാമപഞ്ചായത്തിലേയും എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെയും കീഴിൽ വരുന്ന റോഡുകളിലും കൂത്തുപറമ്പ് നഗരസഭയിലെ റോഡുകളിലും വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയുടെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ചുവരുന്ന അച്ചടക്കനടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.952/2026/LSGD    തീയതി,തിരുവനന്തപുരം, 05-05-2026

---

പരാമർശം:-

1. വിജിലൻസ് (ഇ) വകുപ്പിന്റെ 20.12.2022-ലെ വിജി-ഇ3/358/2022-വിജി നമ്പർ കത്ത്.
2. വിജിലൻസ്&ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 14.11.2022-ലെ E17-(SC-67/2022/KNR)39209/ 2022 നമ്പർ കത്ത്
3. 21.02.2023-ലെ EWA2/90/2022-LSGD നമ്പർ കുറ്റപത്രം / കുറ്റാരോപണപത്രിക
4. ഓവർസിയർ ശ്രീമതി സൗമ്യ കെ. 01.07.2023 തീയതിയായും അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി വാണി എൽ., ഓവർസിയർ ശ്രീ. രാജേഷ് കെ. എന്നിവർ 03.07.2023 തീയതിയായും ഓവർസിയർ ശ്രീമതി വിജിന ഡി.വി. 06.07.2023 തീയതിയായും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി നിഷ വി.വി., അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. വിനോദൻ കെ. എന്നിവർ 07.07.2023 തീയതിയായും സമർപ്പിച്ച പ്രതിവാദപത്രിക
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 11.06.2025-ലെ LSGD/PD/20053/2023-VIGE3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കണ്ണൂർ പെരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെയും എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെയും കീഴിൽ വരുന്ന റോഡുകളിലും കൂത്തുപറമ്പ് നഗരസഭയിലെ റോഡുകളിലും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ

പരിശോധനയുടെ റിപ്പോർട്ട് പരാമർശം 1, 2 പ്രകാരം വിജിലൻസ് വകുപ്പ് ലഭ്യമാക്കുകയുണ്ടായി. വിജിലൻസ് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു:-

1. എടക്കാട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ പെരളശേരി ഗ്രാമപഞ്ചായത്തിലെ **ചെറുമാവിലായി-കമ്പനിപ്പീടിക റോഡിന്റെ** 0/400 കി.മീ ഭാഗത്ത് 5 മീറ്റർ നീളത്തിൽ റോഡിന്റെ ഇടത് ഭാഗം അമർന്ന് പോയതായി കാണുന്നു. റോഡിന്റെ 0/420 കി.മീ മുതൽ 0/450 വരെയുള്ള ഭാഗം വലിയ വാഹനങ്ങളുടെ വീൽ ട്രാക്ക് വരുന്ന സ്ഥലത്ത് രണ്ട് വശങ്ങളിലും റോഡ് അമർന്ന് പോയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് റോഡിന് ഷോൾഡറോ ബീമോ ലഭ്യമല്ല. റൈറ്റ് ഓഫ് വേയും ക്യാരേജ് വേയും കൂടെ 3 മീറ്റർ മാത്രമാണ് നിലവിലുള്ളത്. കൂടാതെ പ്രസ്തുത റോഡിന്റെ കി.മീ 0/453-ൽ ഇടത് ഭാഗത്ത് 5 മീറ്റർ നീളത്തിലായി റോഡ് താഴ്ന്നതായും കാണുന്നു.
2. **ചെറുമാവിലായി-കമ്പനിപ്പീടിക റോഡിൽ മെയിന്റനൻസ് വർക്ക്** നടത്തിയ കി.മീ 0/625 മുതൽ 0/775 വരെയുള്ള ഭാഗത്ത് കി.മീ 0/623 ൽ ഇടത് ഭാഗത്ത് 3 മീറ്റർ നീളത്തിൽ റോഡ് ചെറുതായി താഴ്ന്നതായും കാണുന്നു.
3. എടക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ NC Flood Improvement to **Pariyaaram Kuttivayal Road in Peralassery Grama panchayath** Work കി.മീ 0/000 മുതൽ കി.മീ 0/290 വരെയുള്ള ഭാഗം പരിശോധിച്ചതിൽ കി.മീ 0/100 ഭാഗത്ത് 0.70 മീ നീളത്തിലും 0.50 മീ വീതിയിലുമുള്ള കുഴി കോൺക്രീറ്റ് ചെയ്ത് റക്ടിഫൈ ചെയ്തതായി കാണുന്നു. കൂടാതെ കി.മീ 0/124-ൽ ഇടത് ഭാഗത്ത് 3.20 മീറ്റർ നീളത്തിലും 0.50 മീറ്റർ വീതിയിലും ചെറുതായി റോഡിൽ ചിപ്പിംഗ് കാർപ്പറ്റ് ഇളകിപ്പോയതായും കാണുന്നു.
4. കൂത്തുപറമ്പ് മുൻസിപ്പാലിറ്റിയിലെ 2021-2022 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട **പി.പി. നാണുമാസ്റ്റർ റോഡ്** മുതൽ കോങ്ങാട്ട് മഠപ്പുരം വരെയുള്ള കി.മി 0/000 മുതൽ 0/125 വരെയുള്ള ഭാഗത്ത് കി.മീ 0/053-ൽ 2.30 മീറ്റർ നീളത്തിലും 0.40 മീ. വീതിയിലും കൂടാതെ 0.90 മീറ്റർ നീളത്തിലും 0.40 മീറ്റർ വീതിയിലും ചിപ്പിങ്ങ് കാർപ്പറ്റ് ഇളകിയതായി കാണുന്നു.
5. കൂത്തുപറമ്പ് മുൻസിപ്പാലിറ്റിയിലെ 2021-2022 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട മൂര്യാട് എന്ന സ്ഥലത്തുള്ള **ഉച്ചമ്പള്ളി അച്ചുതൻ റോഡ് റീടാറിങ്ങ്** പ്രവൃത്തി കി.മീ 0/540 മുതൽ 0/760 വരെയുള്ള ഭാഗത്ത് കി.മീ 0/555-ൽ വലത് വശം 6 മീ നീളത്തിലും 0.40 മീറ്റർ വീതിയിലും ചെറുതായി ചിപ്പിങ്ങ് കാർപ്പറ്റ് ഇളകിയതായി കാണുന്നു.

2. ഒന്നും മൂന്നും പ്രവൃത്തികളുടെ സൂപ്പർവൈസറി ചുമതലയുണ്ടായിരുന്ന എടക്കാട് ബ്ലോക്ക് പഞ്ചായത്ത് മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി നിഷ വി.വി., രണ്ടാം നമ്പർ അപാകതയ്ക്ക് ഉത്തരവാദികളായ പെരളശ്ശേരി

ഗ്രാമപഞ്ചായത്ത് മുൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി വാണി എൽ., മുൻ ഓവർസിയർ ശ്രീമതി വിജിന ഡി.വി., നാലും അഞ്ചും അപാകതകൾക്ക് ഉത്തരവാദിയായ കൂത്തുപറമ്പ് നഗരസഭ മുൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. വിനോദൻ കെ., നാലാമത്തെ അപാകതയ്ക്ക് ഉത്തരവാദിയായ കൂത്തുപറമ്പ് നഗരസഭ മുൻ ഓവർസിയർ ശ്രീമതി സൗമ്യ കെ., അഞ്ചാമത്തെ അപാകതയ്ക്ക് ഉത്തരവാദിയായ കൂത്തുപറമ്പ് നഗരസഭ മുൻ ഓവർസിയർ ശ്രീ. രാജേഷ് കെ. എന്നിവർക്കെതിരെ ലഘുശിക്ഷയ്ക്കുള്ള വകുപ്പുതലനടപടി സ്വീകരിക്കാൻ വിജിലൻസ് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ, ടിയാളുകൾക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ **ചട്ടം 16** പ്രകാരം അച്ചടക്കനടപടി ആരംഭിച്ച് പരാമർശം 3 കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകി.

**3.** കുറ്റാരോപിതർ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന ലഭ്യമാക്കിയ പരാമർശം 4 പ്രതിവാദപത്രികയിലെയും ആയത് സംബന്ധിച്ച് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 5 പ്രകാരം ലഭ്യമാക്കിയ അഭിപ്രായക്കുറിപ്പിലെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു:-

- **അപാകത 1, അപാകത 2 - പെരളശ്ശേരി ഗ്രാമപഞ്ചായത്തിലെ ചെറുമാവിലായി-കമ്പനിപ്പീടിക റോഡ്**

  **അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി നിഷ വി.വി.** സമർപ്പിച്ച പ്രതിവാദപത്രികയിൽ, അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തി പരിശോധിച്ച് മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയ അളവുകൾ സ്ഥലപരിശോധന നടത്തി ചെക്ക് മെഷർ ചെയ്യുകയാണ് താൻ ചെയ്തത് എന്നും ആ സമയത്ത് റോഡിന് യാതൊരു കേടുപാടുകളും ഉണ്ടായിരുന്നില്ല എന്നും പ്രസ്തുത റോഡ് പെരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ട, സാധാരണ വാഹനങ്ങൾ മാത്രം കടന്നുപോകുന്ന ഗ്രാമീണ റോഡാണ് എന്നും റോഡിന്റെ പ്രവൃത്തി പൂർത്തിയായതിനുശേഷം സമീപത്ത് ജലസേചനവകുപ്പിന്റെ മേൽനോട്ടത്തിൽ നിർമ്മാണം നടക്കുന്ന പിണറായി പാറക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിനാവശ്യമായ സാധനസാമഗ്രികൾ കൊണ്ടുപോകുന്ന വലിയ ടോറസ് വാഹനങ്ങൾ നിരന്തരം കടന്നുപോകുകയും വാഹനത്തിന്റെ വീൽട്രാക്ക് വരുന്ന ഇരുഭാഗത്തും റോഡ് അമർന്നുപോകുകയുമാണുണ്ടായത് എന്നും അറിയിച്ചിരിക്കുന്നു. കേടുപാടുകൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കരാറുകാരന് നോട്ടീസ് നൽകാൻ അസിസ്റ്റന്റ് എഞ്ചിനിയർക്ക് നിർദ്ദേശം നൽകുകയും അപ്രകാരം നോട്ടീസ് നൽകിയതിനെത്തുടർന്ന് കരാറുകാരൻ റോഡ് പൂർവ്വസ്ഥിതിയിലാക്കുകയും ചെയ്തു എന്നും ഭൗതികപരിശോധന നടത്തി റോഡിന് കേടുപാടുകളില്ലെന്ന് തഹസിൽദാർ 3.12.2022-ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി നിഷ

വി.വി. പ്രതിവാദപത്രികയിൽ അറിയിച്ചു.

**അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി വാണി എൽ.** സമർപ്പിച്ച പ്രതിവാദപത്രികയിൽ, 5.9.2022-ൽ കൊല്ലം മൈലം ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറി പോകുന്നതുവരെ ചെറുമാവിലായി-കമ്പനിപ്പീടിക റോഡിന് യാതൊരു കേടുപാടുകളും ഉണ്ടായിരുന്നില്ല എന്നും അതിനുശേഷം സമീപപ്രദേശത്ത് നിർമ്മാണം ആരംഭിച്ച ചെക്ക് ഡാമിലേക്ക് ആവശ്യമായ സാധന സാമഗ്രികൾ കയറ്റിയ Heavy Loaded Vehicles, Concrete Ready Mixer എന്നിവ നിരന്തരം ടി റോഡിൽ കൂടി കടന്നുപോയിരുന്നു എന്നും റോഡിൽ അപാകത കണ്ടെത്തിയ ഭാഗം ഒരു S-Shaped വളവാണെന്നും ടി സ്ഥലത്തുകൂടി വലിയ വാഹനങ്ങൾ കടന്നുപോകുന്നതിന് ബുദ്ധിമുട്ടുള്ളതിനാൽ വാഹനം നിർത്തി മുന്നോട്ടും പുറകോട്ടും എടുക്കേണ്ടിവരുന്നതിനാലാണ് ടി ഭാഗത്ത് 3 മീറ്റർ നീളത്തിൽ റോഡ് ചെറുതായി അമർന്നത് എന്നും അറിയിച്ചിരിക്കുന്നു. റോഡിന്റെ മറ്റൊരു ഭാഗത്തും അപാകത കണ്ടെത്തിയിട്ടില്ല എന്നും മേൽ അപാകത ശ്രദ്ധയിൽപ്പെട്ടപ്പോൾ നിലവിലെ അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരനെക്കൊണ്ട് റോഡ് അമർന്ന ഭാഗം ടാർ ചെയ്ത് പോരായ്മ പരിഹരിച്ചിട്ടുള്ളതാണ് എന്നും ടിയാൾ അറിയിച്ചു.

അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി വാണി എൽ. സമർപ്പിച്ച പ്രതിവാദപത്രികയിലേതിന് സമാനമായ വാദങ്ങളാണ് **ഓവർസിയർ ശ്രീമതി വിജിന ഡി.വി.** തന്റെ പ്രതിവാദപത്രികയിൽ ഉന്നയിച്ചത്.

പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 5 അഭിപ്രായക്കുറിപ്പിൽ, ചെറുമാവിലായി-കമ്പനിപ്പീടിക റോഡിൽ ഉണ്ടായിട്ടുള്ള കേടുപാടുകൾ പരിഹരിക്കുന്നതിന് 28.10.2022-ൽ കരാറുകാരന് നോട്ടീസ് നൽകിയതായും കരാറുകാരൻ അപാകതകൾ പരിഹരിച്ചിട്ടുള്ളതായും റോഡ് നേരിട്ട് പരിശോധിച്ചതിൽ പ്രവൃത്തിയുടെ ആരംഭത്തിൽ 'എസ്' ഷേപ്പിലുള്ള ഒരു വളവിൽ റോഡിന്റെ turning ഉള്ള ഭാഗത്ത് 0.50 മീറ്റർ വീതിയിൽ 5 മീറ്റർ നീളത്തിൽ റോഡ് Restore ചെയ്തതായും റോഡിന് മറ്റ് സ്ഥലങ്ങളിലൊന്നും കേടുപാടുകൾ സംഭവിച്ചിട്ടില്ല എന്നും സമീപപ്രദേശമായ പിണറായി പാറക്കടവിൽ അടുത്ത കാലത്ത് നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്ത റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണസാമഗ്രികൾ വഹിച്ച വാഹനങ്ങൾ സൈറ്റിലേക്ക് പോയിരുന്നത് ടി റോഡു വഴിയായിരുന്നു എന്നും ഇത്തരം വലിയ വാഹനങ്ങൾ ഈ വളവിൽ വെച്ച് നിർത്തി പുറകിലേക്ക് പോയി വീണ്ടും മുന്നോട്ട് പോകേണ്ടിവരുന്നതിനാൽ റോഡിന്റെ turning വരുന്ന ഭാഗത്ത് വാഹനത്തിന്റെ ലോഡ് കേന്ദ്രീകരിക്കുന്നതിനും റോഡ് അമർന്നുപോകുന്നതിനും സാദ്ധ്യതയുണ്ടെന്നും Defect Liability Period-ൽ തന്നെ അമർന്നുപോയ ഭാഗം കരാറുകാരനെക്കൊണ്ട് Restore ചെയ്യിച്ചിട്ടുണ്ട് എന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചു.

- **അപാകത 3 - പെരളശേരി ഗ്രാമപഞ്ചായത്തിലെ പരിയാരം കുറ്റിവയൽ**

റോഡ് പുനരുദ്ധാരണം

**അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി നിഷ വി.വി.** സമർപ്പിച്ച പ്രതിവാദപത്രികയിൽ, അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തി പരിശോധിച്ച് മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയ അളവുകൾ സ്ഥലപരിശോധന നടത്തി ചെക്ക് മെഷർ ചെയ്യുകയാണ് താൻ ചെയ്തത് എന്നും ആ സമയത്ത് റോഡിന് യാതൊരു കേടുപാടുകളും ഉണ്ടായിരുന്നില്ല എന്നും ടി റോഡിന് മതിയായ ഡ്രെയിനേജ് സംവിധാനം ഉണ്ടായിരുന്നില്ല എന്നും National Calamity (Flood) പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം പുതുതായി ഡ്രെയിനേജ് സംവിധാനം ഒരുക്കുക സാധ്യമായിരുന്നില്ല എന്നും മഴവെള്ളം പൂർണ്ണമായി ഒഴുകിപ്പോകാത്തതിനാലാണ് ചിപ്പിംഗ് കാർപ്പെറ്റ് ചെറുതായി ഇളകിപ്പോയത് എന്നും കേടുപാടുകൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കരാറുകാരന് നോട്ടീസ് നൽകാൻ അസിസ്റ്റന്റ് എഞ്ചിനിയർക്ക് നിർദ്ദേശം നൽകുകയും അപ്രകാരം നോട്ടീസ് നൽകിയതിനെത്തുടർന്ന് കരാറുകാരൻ റോഡ് പൂർവ്വസ്ഥിതിയിലാക്കുകയും ചെയ്തു എന്നും പ്രസ്തുത റോഡിലെ വെള്ളക്കെട്ടിന് റോഡിന്റെ വശങ്ങൾ കോൺക്രീറ്റ് ചെയ്യുന്നതിന് പെരളശ്ശേരി ഗ്രാമപഞ്ചായത്ത് 2022-23 വാർഷിക പദ്ധതിയിൽ പ്രൊജക്റ്റ് ഉൾപ്പെടുത്തിയിട്ടുണ്ട് എന്നും റോഡ് പരിശോധിച്ച തഹസിൽദാർ കേടുപാടുകളില്ലെന്ന് 20.10.2022-ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നും അറിയിച്ചു.

**പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 5 അഭിപ്രായക്കുറിപ്പിൽ,** പരിയാരം കുറ്റിവയൽ റോഡിൽ ഉണ്ടായിട്ടുള്ള കേടുപാടുകൾ Restore ചെയ്യുന്നതിന് 17.10.2022-ൽ അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരന് നോട്ടീസ് നൽകിയതായും കരാറുകാരൻ അപാകതകൾ പരിഹരിച്ചിട്ടുള്ളതായി അസിസ്റ്റന്റ് എഞ്ചിനീയർ 18.04.2023-ൽ റിപ്പോർട്ട് ചെയ്തതായും റോഡ് നേരിട്ട് പരിശോധിച്ചതിൽ ഡ്രെയിനേജ് സംവിധാനം ഇല്ല എന്നും റോഡിന്റെ ആരംഭത്തിൽ നിന്നും ഉദ്ദേശം 100 മീറ്റർ പിന്നിടുന്ന സ്ഥലത്ത് 0.70 മീറ്റർ നീളത്തിലും 0.50 മീറ്റർ വീതിയിലും റോഡ് കോൺക്രീറ്റ് ചെയ്തതായും കി.മീ.0/125 ചെയിനേജിൽ 3 മീറ്റർ നീളത്തിലും 0.50 മീറ്റർ വീതിയിലും റോഡ് Restore ചെയ്തതായും മതിയായ ഓവുചാൽ സംവിധാനം ഇല്ലാത്തതിനാൽ മഴവെള്ളം റോഡിലൂടെ ഒഴുകിപ്പോകുകയും തന്മൂലം ചിപ്പിംഗ് കാർപ്പെറ്റ് ഇളകുകയും ചെയ്തിരിക്കാനുള്ള സാധ്യതയുണ്ട് എന്നും പുതുതായി ഡ്രെയിനേജ് സംവിധാനം ഒരുക്കുന്നതിന് National Calamity (Flood) പ്രവൃത്തിയുടെ മാർഗ്ഗരേഖ പ്രകാരം സാധ്യമല്ല എന്നും നിലവിൽ റോഡിന് കേടുപാടുകളൊന്നും ഇല്ല എന്നും അറിയിച്ചു.

- **അപാകത 4 - പി.പി. നാണുമാസ്റ്റർ റോഡ്**

**അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. വിനോദൻ കെ.** സമർപ്പിച്ച പ്രതിവാദപത്രികയിൽ, കൂത്തുപറമ്പ് നഗരസഭയിലെ ടി റോഡിന്റെ കി.മീ. 0/53-ൽ ഉണ്ടായിരുന്ന ഡിപ്പിന്റെ എതിർവശത്തായി ശരാശരി 12 മീറ്റർ വീതിയുള്ള പഴയനിരത്ത് റോഡിൽ നിന്നുള്ള വെള്ളം ഇടവഴിയിലൂടെ വന്ന് പ്രസ്തുത ഡിപ്പിലൂടെ ക്രോസ്സ് ചെയ്ത് ശരാശരി 3.50 മീറ്റർ മാത്രം വീതിയുള്ള പി.പി. നാണുമാസ്റ്റർ കോങ്ങാട്ട് മഠപ്പുര റോഡിലൂടെയാണ് കാലാകാലങ്ങളായി ഒഴുകുന്നത് എന്നും റോഡിന് വീതി കുറവായതിനാൽ ഡ്രെയിനേജ് നിർമ്മിക്കുക സാധ്യമല്ല എന്നും മഴക്കാലത്ത് ഡിപ്പിലൂടെ ശക്തമായ വെള്ളമൊഴുക്ക് ഉണ്ടാകുമ്പോൾ വശങ്ങളിൽ ഈർപ്പം സ്ഥിരമായി ഉണ്ടാവുകയും വാഹനങ്ങൾ ഡിപ്പിന് സമീപം എത്തി സഡൻ ബ്രേക്കിടുന്ന സമയത്തുണ്ടാകുന്ന ഉയർന്ന സമ്മർദ്ദം കാരണം റോഡിന്റെ സീൽ കോട്ട് ഇളകുകയാണുണ്ടായത് എന്നും ഡിപ്പിന് ചേർന്നുള്ള രണ്ട് സ്ഥലത്തല്ലാതെ റോഡിൽ മറ്റൊരിടത്തും യാതൊരു കേടുപാടും ഉണ്ടായിട്ടില്ല എന്നും ചെറുതായി ഇളകിയ പ്രസ്തുതഭാഗം കരാറുകാരന് നോട്ടീസ് നൽകി Restore ചെയ്തിട്ടുണ്ട് എന്നും നിലവിൽ ടി റോഡിന് യാതൊരുവിധ കേടുപാടുമില്ല എന്നും അറിയിച്ചു.

അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. വിനോദൻ കെ.-യുടെ പ്രതിവാദപത്രികയിലേതിന് സമാനമായ വാദങ്ങളാണ് **ഓവർസിയർ ശ്രീമതി സൗമ്യ കെ.** തന്റെ പ്രതിവാദപത്രികയിൽ ഉന്നയിച്ചത്.

- **അപാകത 5 - ഉച്ചമ്പള്ളി അച്ചുതൻ റോഡ്**

**അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. വിനോദൻ കെ.** സമർപ്പിച്ച പ്രതിവാദപത്രികയിൽ, ചിപ്പിംഗ് കാർപ്പറ്റല്ല, ചെറിയ ഭാഗത്ത് സീൽ കോട്ട് മാത്രമാണ് ഇളകിയത് എന്നും റോഡിന്റെ പ്രവൃത്തി അവസാനിച്ച സമയത്ത് കാലവർഷം ആരംഭിക്കുകയും റോഡിന്റെ ഒരു ഭാഗത്തുള്ള ഉയർന്ന സ്ഥലത്തു നിന്നും ഒഴുകിവന്ന മഴവെള്ളം ശക്തിയായി റോഡിലൂടെ ഒഴുകുകയും മണ്ണ് റോഡിൽ അടിഞ്ഞുകൂടുകയും സൈഡിലുള്ള മരങ്ങളിൽ നിന്നും തുടരെ മഴവെള്ളം വീഴുകയും അടിഞ്ഞുകൂടിയ മണ്ണിൽ വെള്ളം നിന്നുണ്ടായ ഈർപ്പം കാരണം റോഡിന്റെ സീൽകോട്ടിന് ചെറുതായി ഇളക്കമുണ്ടായി എന്നും ആകെ 634.35 ച.മീ. റീ-ടാറിംഗ് നടത്തിയ റോഡിന്റെ 2.40 ച.മീ ഭാഗത്ത് മാത്രമാണ് ഇത്തരത്തിൽ സീൽകോട്ട് ഇളകിയത് എന്നും ആയത് കരാറുകാരന് രേഖാമൂലം അറിയിപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ പരിഹരിച്ചിട്ടുണ്ട് എന്നും റോഡരികിൽ കുടിവെള്ള പൈപ്പ് സ്ഥാപിക്കുന്നതിനുവേണ്ടി വാട്ടർ അതോറിറ്റി കഴിയെടുത്ത ഭാഗമൊഴികെ പ്രസ്തുത റോഡിന് നിലവിൽ കേടുപാടുകളൊന്നും ഇല്ല എന്നും കൂടാതെ, കൂത്തുപറമ്പ് നഗരസഭയിൽ ഒരു വർഷം ചെയ്തുവരുന്ന ശരാശരി നൂറോളം പൊതുമരാമത്ത് പ്രവൃത്തികൾ, MLA-LADS, MPLADS, FLOOD, KSWMP എന്നിവയിൽപ്പെട്ട പ്രവൃത്തികൾ, കെട്ടിടനിർമ്മാണ പെർമിറ്റ്, ഒക്യുപൻസി ഫയലുകൾ എന്നിവയുടെയെല്ലാം മേൽനോട്ടത്തിന് ഒരു അസിസ്റ്റൻറ്

എഞ്ചിനിയർ മാത്രമാണുള്ളത് എന്നും അറിയിച്ചു.

അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. വിനോദൻ കെ. സമർപ്പിച്ച പ്രതിവാദപത്രികയിലേതിന് സമാനമായ വാദങ്ങളാണ് **ഓവർ സിയർ ശ്രീ. രാജേഷ് കെ.** തന്റെ പ്രതിവാദപത്രികയിൽ ഉന്നയിച്ചിരിക്കുന്നത്.

**പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 5 അഭിപ്രായക്കുറിപ്പിൽ,** പി.പി. നാണുമാസ്റ്റർ റോഡിലും ഉച്ചമ്പള്ളി അച്ചുതൻ റോഡിലും വിജിലൻസ് കണ്ടെത്തിയ അപാകതകൾ നിർമ്മാണത്തിലെ അശാസ്ത്രീയത കാരണം ഉണ്ടായതല്ല എന്നും വീതി കുറഞ്ഞ റോഡിൽ വെള്ളം ഒഴുകിപ്പോകുന്നതിനാവശ്യമായ ഓവുചാൽ ഇല്ലാത്തതിനാൽ വെള്ളം കെട്ടിക്കിടക്കുകയും റോഡിലൂടെ ഒഴുകുകയും ചെയ്യുന്നതിനാലാണ് ചിപ്പിംഗ് കാർപ്പെറ്റ് ഇളകിയത് എന്നും രണ്ട് റോഡുകളുടെയും പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ടെന്ന് പ്രാദേശിക മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നും കൂടാതെ Defect Liability Period-നുള്ളിൽ രണ്ട് റോഡുകളും കരാറുകാരൻ തന്നെ Restore ചെയ്തിട്ടുള്ളതാണെന്നും നിലവിൽ റോഡുകൾക്ക് പൊട്ടലുകളൊന്നുമില്ല എന്നും കുറ്റാരോപിതരുടെ വാദങ്ങൾ അംഗീകരിച്ച് ടിയാളുകളെ തുടർനടപടിയിൽ നിന്ന് ഒഴിവാക്കാവുന്നതാണെന്ന് ചീഫ് എഞ്ചിനീയർ അഭിപ്രായപ്പെട്ടിട്ടുണ്ട് എന്നും അറിയിച്ചു.

4. വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപിതരുടെ പ്രതിവാദപത്രിക, പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായക്കുറിപ്പ് എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന കാര്യങ്ങൾ ബോധ്യപ്പെടുന്നു:-

i. പെരളശ്ശേരി ഗ്രാമപഞ്ചായത്തിലെ ചെറുമാവിലായി-കമ്പനിപ്പീടിക റോഡിൽ പരിധിയിൽക്കൂടുതൽ ഭാരം കയറ്റിയ വാഹനങ്ങൾ തുടർച്ചയായി സഞ്ചരിച്ചതിനാലാണ് റോഡിന് കേടുപാടുകൾ സംഭവിച്ചത് എന്ന് കാണുന്നു.

ii. പെരളശ്ശേരി ഗ്രാമപഞ്ചായത്തിലെ പരിയാരം കുറ്റിവയൽ റോഡിൽ മതിയായ ഓവുചാൽ സംവിധാനമില്ലാത്തതിനാൽ മഴവെള്ളം റോഡിലൂടെ ഒഴുകിപ്പോകുകയും തന്മൂലം ചിപ്പിംഗ് കാർപ്പെറ്റ് ഇളകുകയും ചെയ്തിരിക്കാമെന്ന് കാണുന്നു. പുതുതായി ഡ്രെയിനേജ് സംവിധാനം ഒരുക്കുന്നതിന് National Calamity (Flood) പ്രവൃത്തിയുടെ മാർഗ്ഗരേഖ പ്രകാരം സാധ്യമല്ല എന്ന് കാണുന്നു.

iii. കൂത്തുപറമ്പ് നഗരസഭയിലെ പി.പി. നാണുമാസ്റ്റർ റോഡ്, ഉച്ചമ്പള്ളി അച്ചുതൻ റോഡ് എന്നിവയിലെ അപാകതകളുമായി ബന്ധപ്പെട്ട്, വീതി കുറഞ്ഞ റോഡിൽ വെള്ളം ഒഴുകിപ്പോകുന്നതിനാവശ്യമായ ഓവുചാൽ ഇല്ലാത്തതിനാൽ വെള്ളം കെട്ടിക്കിടക്കുകയും റോഡിലൂടെ ഒഴുകുകയും ചെയ്യുന്നതുകാരണമാണ് ചിപ്പിംഗ് കാർപ്പെറ്റ് ഇളകിയത് എന്ന് കാണുന്നു.

iv. പെരളശേരി ഗ്രാമപഞ്ചായത്തിലെ ചെറുമാവിലായി-കമ്പനിപ്പീടിക റോഡ്, പരിയാരം കുറ്റിവയൽ റോഡ്, കൂത്തുപറമ്പ് നഗരസഭയിലെ പി.പി. നാണുമാസ്റ്റർ റോഡ്, ഉച്ചമ്പള്ളി അച്ചുതൻ റോഡ് എന്നിവിടങ്ങളിൽ വിജിലൻസ് കണ്ടെത്തിയ അപാകതകൾ ബന്ധപ്പെട്ട കരാറുകാരനെക്കൊണ്ട് Defect Liability Period-നുള്ളിൽ പരിഹരിച്ചതായി കാണുന്നു.

5. കണ്ണൂർ പെരളശേരി ഗ്രാമപഞ്ചായത്തിലെ ചെറുമാവിലായി-കമ്പനിപ്പീടിക റോഡ്, പരിയാരം കുറ്റിവയൽ റോഡ്, കൂത്തുപറമ്പ് നഗരസഭയിലെ പി.പി. നാണുമാസ്റ്റർ റോഡ്, ഉച്ചമ്പള്ളി അച്ചുതൻ റോഡ് എന്നിവിടങ്ങളിൽ വിജിലൻസ് കണ്ടെത്തിയ അപാകതകൾ ഖണ്ഡിക 4-ൽ പരാമർശിച്ച കാരണങ്ങളാലാണ് ഉണ്ടായത് എന്നതിനാലും പ്രസ്തുത അപാകതകളെല്ലാം ബന്ധപ്പെട്ട കരാറുകാരനെക്കൊണ്ട് Defect Liability Period-നുള്ളിൽ പരിഹരിച്ചതിനാലും കുറ്റാരോപിതരുടെ വാദങ്ങൾ അംഗീകരിച്ച് ടിയാളുകളെ തുടർനടപടിയിൽ നിന്ന് ഒഴിവാക്കാവുന്നതാണെന്ന് ചീഫ് എഞ്ചിനീയർ, പ്രിൻസിപ്പൽ ഡയറക്ടർ എന്നിവർ അഭിപ്രായപ്പെട്ടിട്ടുള്ളത് കണക്കിലെടുത്തും, പരാമർശം 2 വിജിലൻസ് മിന്നൽ പരിശോധന റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി നിഷ വി.വി.(PEN-687045, DoR-31.05.2034) അസിസ്റ്റന്റ് എഞ്ചിനീയർമാരായ ശ്രീ. വിനോദൻ കെ.(PEN-133244, DoR-30.04.2026), ശ്രീമതി വാണി എൽ.(PEN-881477, DoR-30.04.2050), ഓവർസിയർമാരായ ശ്രീമതി വിജിന ഡി.വി.(PEN-746507, DoR-30.04.2050), ശ്രീമതി സൗമ്യ കെ.(PEN-675618, DoR-28.02.2041), ശ്രീ. രാജേഷ് കെ.(PEN-683754, DoR-31.05.2035) എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ആരംഭിച്ച അച്ചടക്കനടപടിയിലെ തുടർനടപടിയിൽ നിന്ന് ടിയാളുകളെ ഒഴിവാക്കി കുറ്റവിമുക്തരാക്കിക്കൊണ്ട് അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു. ഉത്തരവ് നടപ്പാക്കുന്നതിനുള്ള തുടർനടപടികൾ പ്രിൻസിപ്പൽ ഡയറക്ടർ അടിയന്തരമായി കൈക്കൊള്ളേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C M AJAYA MOHAN
സ്പെഷ്യൽ സെക്രട്ടറി

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് **(ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

**(ഉത്തരവ് പ്രകാരമുള്ള തുടർനടപടികൾ അടിയന്തരമായി നടപ്പാക്കുന്നതിനായി)**

3. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള
4. തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.ബി) വകുപ്പ് **(DPC List തയ്യാറാക്കുന്നതിലേക്കായി)**
5. ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
6. വിജിലൻസ് (ഇ) വകുപ്പ്
7. വെബ് & ന്യൂ മീഡിയ,വിവര പൊതുജനസമ്പർക്ക വകുപ്പ്
8. സ്റ്റോക്ക് ഫയൽ (EWA2/90/2022-LSGD)

ഉത്തരവിൻ പ്രകാരം

Signed by Asha. R
Date: 06-05-2026 05:27:56

സെക്ഷൻ ഓഫീസർ